**പതിനാലാം കേരളനിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4160** **24.10.2016-ൽ മറുപടിക്ക്**

# ലഹരി/മയക്ക മരുന്നിന്റെ ഉപയോഗം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എ.പി. അനിൽ കുമാർ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) സ്കൂൾ വിദ്യാർത്ഥികൾക്കിടയിൽ ലഹരി/മയക്ക മരുന്നിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സ്കൂളുകളിൽ ലഹരി/മയക്കമരുന്നിന്റെ ഉപയോഗം തടയുന്നതിനായി മുൻസർക്കാരിന്റെ കാലത്ത് കൊണ്ടുവന്ന 'ക്ലീൻ കാമ്പസ് സേഫ് കാമ്പസ്' പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കുമോ; | (ബി) സ്കൂളുകളിൽ ലഹരി/മയക്കമരുന്നിന്റെ ഉപയോഗം തടയുന്നതിനായി കൊണ്ടുവന്ന ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കി വരുന്നുണ്ട്. ടി പദ്ധതിയുടെ ഭാഗമായി നടത്തിയിട്ടുള്ള ബോധവൽക്കരണ ക്ലാസുകൾ, സ്കൂളുകളുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പോലീസ് എക്സൈസ് സംയുക്ത റെയ്ഡുകൾ എന്നിവ മൂലം മയക്കമരുന്ന് വ്യാപാരം സ്കൂൾ പരിസരത്ത് തടയുന്നതിനും കുട്ടികളെ ഇത്തരം ദൂഷ്യങ്ങളിൽനിന്നും അകറ്റി നിർത്തുവാനും സാധിക്കുന്നു. NCC, SPC NSS, Scout വിഭാഗങ്ങളിൽപ്പെട്ട കുട്ടികളുടെ മാതൃകാപരമായ പ്രവർത്തനങ്ങളും അവർ നൽകുന്ന രഹസ്യ വിവരങ്ങളും മറ്റും സിഗരറ്റ്, പാൻ പരാഗ് തുടങ്ങിയ പുകയില ഉൽപ്പന്നങ്ങൾ സ്കൂൾ പരിസരങ്ങളിൽ നിന്നും കണ്ടുപിടിക്കുന്നതിന് പ്രയോജനപ്പെടുത്തി വരുന്നു. |
| (സി) ഈ പദ്ധതി ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ? | (സി) വിദ്യാലയങ്ങളിലെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ വിവിധ വകുപ്പുകളുടെ ഏകോപിപ്പിച്ചുള്ള പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുക, ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ കൂടുതൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്തുക, ആവശ്യമായതും പരമാവധി ഗുണം ചെയ്യുന്നതുമായ ബോധവൽക്കരണ ക്ലാസുകൾ കൂടുതലായി സംഘടിപ്പിക്കുക, ലഹരിക്കടിമപ്പെട്ടു കഴിഞ്ഞിട്ടുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായുള്ള നടപടികൾ |

സ്വീകരിക്കുക, അനധികൃത ലഹരി പദാർത്ഥങ്ങളുടെ ഉൽപ്പാദനവും വിപണനവും തടയുന്നതിനായുള്ള നടപടികൾ ശക്തമാക്കുകയും കുറ്റക്കാരെ കണ്ടെത്തി കർശനമായ നിയമനടപടികൾ സ്വീകരിക്കുകയും ചെയ്യുക, വാർത്താ മാദ്ധ്യമങ്ങൾ, സോഷ്യൽ മീഡിയകൾ വഴിയും മത പുരോഹിതന്മാർ, സാംസ്കാരിക നായകന്മാർ, പൊതുപ്രവർത്തകർ, അദ്ധ്യാപകർ തുടങ്ങിയവരുടെ നേതൃത്വത്തിലും ലഹരി വിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന് വിവിധ പരിപാടികൾ സംഘടിപ്പിച്ച് നടപ്പിലാക്കുക, ബന്ധപ്പെട്ട എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് മയക്കമരുന്ന് മുക്തമായ ഒരു വിദ്യാഭ്യാസ മേഖല സൃഷ്ടിക്കുവാനായി ഈ മേഖലയെ സജ്ജമാക്കുക എന്നീ നടപടികളാണ് സർക്കാർ വിഭാവനം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ